പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ-6064 28.10.2011 ൽ മറുപടിക്ക്

## സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും

**ചോദ്യം**

ശ്രീ.പി.സി.ജോർജ്

**ഉത്തരം**

ശ്രീ. ടി.എം ജേക്കബ്
(ഭക്ഷ്യവും സിവിൽസപ്ലൈസും
രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഒന്നിൽ കൂടുതൽ ഫ്ളാറ്റ് നിർമ്മാണ കമ്പനികൾ കൂട്ടായി എഴുതി വാങ്ങി കൈവശം വച്ചിരിക്കുന്ന ഭൂമി ഓരോ കമ്പനിക്കും വിഭജിച്ച് വെവ്വേറെ ആധാരം ചെയ്യുന്നതിന് സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും എത്ര വീതമെന്ന് വിശദമാക്കുമോ ; | (എ) | കൂട്ടവകാശ വസ്തുവിലെ അവകാശം വിഭജിച്ചു നല്കുന്നതിന് ഭാഗപത്രമായി ചമയ്ക്കുന്ന ആധാരങ്ങളിൽ കുടുംബാംഗങ്ങൾക്കിടയിലുള്ളത് ഒഴികെ ഉള്ളവയ്ക്ക്, കേരളമുദ്ര പ്പത്രനിയമം പട്ടിക 42(ii) പ്രകാരം, ഭൂമിയുടെ മൂല്യത്തിന്റെ / ന്യായ വിലയുടെ 6% നിരക്കിൽ സ്റ്റാമ്പ് ഡ്യൂട്ടിയും, 2% നിരക്കിൽ രജിസ്ട്രേഷൻ ഫീസും ആവശ്യമാണ്. |
| (ബി) | ഒരു കുടംബത്തിന്റെ കൃഷി ഭൂമി കുടുംബാംഗങ്ങൾ തമ്മിൽ യോജിച്ച് വിഭജിച്ച് മറ്റൊരാൾക്ക് ഒറ്റ ആധാരമായി പ്രമാണം ചെയ്യുന്നതിന് നിലവിൽ പഞ്ചായത്തുകളിലും കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവ വിലയുടെ എത്ര ശതമാനമെന്ന് വിശദമാക്കാമോ ; | (ബി) | വിലയാധാരങ്ങൾക്ക്, കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പ്രതിഫലം / ന്യായവില ഇവയിൽ ഉയർന്ന തുകയുടെ 7%, 8% ,9% നിരക്കിൽ, യഥാക്രമം പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പ റേഷൻ പരിധിയിൽ മുദ്രസലയും, 2% നിരക്കിൽ രജിസ്ട്രേഷൻ ഫീസും ആവശ്യമാണ്. |
| (സി) | പ്രസ്തുത കുടുംബം അവരുടെ ഭൂമി പല ആധാരമായി മറ്റൊരാൾക്ക് കൈമാറിയാൽ ആ കുടുംബാംഗങ്ങൾക്ക് ക്യാപ്പിറ്റൽ ഗെയിൻ കൂടുതലായി കൊടുക്കേണ്ടിവരുമോ? | (സി) | ആദായ നികുതി നിയമമനുസരിച്ചാണ് ക്യാപ്പിറ്റൽ ഗെയിൻ ഈടാക്കുന്നത്. ആദായനികുതി നിയമത്തിന്റെ ഭരണ നിർവ്വഹണം, രജിസ്ട്രേഷൻ വകുപ്പിന്റെ അധികാരത്തിൽ (jurisdiction) ഉൾപ്പെടുന്ന വിഷയമല്ല. |

സെക്ഷൻ ആഫീസർ